# വിഷുമാഹാത്മ്യം

കേരളനാടിന്റെ കാലാവസ്ഥയുമായും കാർഷികജീവിതവുമായും ബന്ധപ്പെട്ട അതിപുരാതനമായ ആഘോഷമാണ് വിഷു. ജ്യോതിശ്ശാസ്ത്രവുമായി ബന്ധപ്പെട്ട വിഷുവം, വിഷുവത്ത് എന്നീ പദങ്ങളുമായി വിഷുവിന് ബന്ധമുണ്ട്. തുല്യതയെ സൂചിപ്പിക്കുന്നതാണ് ഈ ശബ്ദങ്ങൾ. രാവും പകലും തുല്യമായി വരുന്ന ദിവസം എന്നാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. സൂര്യൻ ഭൂമദ്ധ്യരേഖയ്ക്കു നേരെ മുകളിൽ വരുന്ന ദിവസംകൂടിയാണ്. മീനംരാശിയിൽനിന്നും സൂര്യൻ മേടംരാശിയിലേക്കു പ്രവേശിക്കുന്ന ദിവസം. മേടസംക്രമസമയം ഉദയത്തിനു മുമ്പാണെങ്കിൽ അന്നേദിവസം വിഷു ആഘോഷിക്കും. ഉദയം കഴിഞ്ഞാണെങ്കിൽ അടുത്ത ദിവസമാണ് വിഷു ആഘോഷിക്കുന്നത്. കണികാണുന്ന സമയത്ത് സൂര്യൻ മേടംരാശിയിൽ ആയിരിക്കണം എന്നതാണ് വിശ്വാസം. ഏപ്രിൽ മാസം 14-നോ 15-നോ ആണ് സാധാരണയായി വിഷു ആഘോഷിക്കുന്നത്.

ജ്യോതിശാസ്ത്രപ്രകാരം ഒന്നാമത്തെ രാശി മേടമാണ്. വർഷാരംഭം മേടത്തിലാവുക എന്നത് എല്ലാംകൊണ്ടും ഉചിതമാണ്, സ്വാഭാവികവുമാണ്. മലയാളനാട്ടിൽ എല്ലായിടത്തും പുതുവർഷം ആരംഭിച്ചിരുന്നത് മേടം 1-നുതന്നെ ആയിരുന്നു. കൊല്ലം പട്ടണം കേന്ദ്രമായി വേണാട്ടരചനായിരുന്ന രാജശേഖരവർമ്മ ഭരണം നടത്തിയിരുന്നപ്പോൾ കൊല്ലം പട്ടണം ഐശ്വര്യത്തിന്റെ പരകോടിയിൽ എത്തി. സ്വന്തം രാജധാനിയായ കൊല്ലത്തിന്റെ ഖ്യാതി നിലനിർത്താൻ ക്രിസ്തുവർഷം 825 ആഗസ്റ്റ് മാസത്തിൽ ഒരു പുതുവർഷം ആരംഭിച്ചു. കൊല്ലവർഷം എന്ന പേരിൽ ആ കാലഗണന പ്രസിദ്ധമായി. ആദ്യം തിരുവിതാംകൂറിലും ക്രമേണ കൊച്ചിയിലും മലബാറിലും ആണ്ടുപിറപ്പ് കൊല്ലവർഷത്തെ ആസ്പദമാക്കി നിലവിൽ വന്നു. അങ്ങനെ ചിങ്ങമാസം മലയാളിയുടെ പുതിയ ആണ്ടുപിറപ്പ് ആയി.

കേരളപ്പിറവി വരെ മലബാറിൽ ഓണത്തിനുള്ളതിനേക്കാൾ പ്രാധാന്യം വിഷുവിനായിരുന്നു. സർക്കാർസംവിധാനങ്ങൾ ഓണത്തിന് കൂടുതൽ പ്രാധാന്യം നല്കിയപ്പോൾ ക്രമേണ പൊതുധാരണയെന്ന നിലയ്ക്ക് ആണ്ടുപിറവി ചിങ്ങമാസത്തിലാണെന്നതിന് അംഗീകാരം കിട്ടി.

ചരിത്രം എന്തായാലും മലയാളിയെ സംബന്ധിച്ചിടത്തോളം വിഷു മോഹസാക്ഷാൽക്കാരത്തിന്റെയും പുത്തൻ പ്രതീക്ഷയുടെയും പ്രഭാതമാണ്. പങ്കുവെക്കലിന്റെ സംതൃപ്തിയാണ് വിഷു നമുക്കു നല്കുന്നത്. തറവാട്ടുകാരണവർ തറവാട്ടിലുള്ള എല്ലാ അംഗങ്ങൾക്കും വരുമാനത്തിന്റെ ആളോഹരിയാണ് ആദ്യകാലങ്ങളിൽ നല്കിയിരുന്നത്. പിന്നീടത് നാമമാത്രമായ ഒരു തുകയായി മാറി, ആചാരമായി മാറി. എങ്കിലും വിഷുക്കൈനീട്ടം വാങ്ങുന്നതും കൊടുക്കുന്നതും പരസ്പരം അംഗീകരിക്കുന്നതിന്റെയും സഹകരണത്തിന്റെയും അതുല്യമായ മാതൃകയാണ്.

ആണ്ടുപിറപ്പിലെ അനുഭവങ്ങൾ ആണ്ടറുതി വരെ നീണ്ടുനില്ക്കും എന്ന വിശ്വാസം വിഷുദിനത്തിലെ കണികാണലിൽ രൂഢമൂലമായിരിക്കുന്നു. ഗുരുവായൂർക്ഷേത്രം കേന്ദ്രമാക്കി വിഷുആഘോഷങ്ങൾക്ക് പ്രാധാന്യം വർദ്ധിച്ചുവന്നപ്പോൾ സ്വന്തം ഭവനത്തെ ക്ഷേത്രമായി സങ്കല്പിച്ച് സാക്ഷാൽ ഉണ്ണിക്കണ്ണനെ പ്രതിഷ്ഠിച്ച് കണിയൊരുക്കുന്ന സമ്പ്രദായം പ്രചുരപ്രചാരമായി. യഥാർത്ഥത്തിൽ കണ്ണനു സമർപ്പിക്കുന്ന കാണിക്കയാണ് വിഷുക്കണി. കണിയൊരുക്കുന്നവർ തന്നെ അതു കണ്ടും കാണിച്ചും നിർവൃതി നേടുന്നു.

കണ്ണനും കണിക്കൊന്നയുമായി ബന്ധിപ്പിച്ചുള്ള വിശ്വാസങ്ങൾ ദൃഢതരമായി. കൊന്നപ്പൂക്കൾ പ്രധാന കണിവസ്തുവായി. വിഷുവിന്റെ നിറം പൊന്നിന്റെ നിറമാണ്. പൊന്നിൻവിളക്ക്, പൊന്നുരുളി, കണിവെള്ളരി, ഓടിൽത്തീർത്ത വാല്ക്കണ്ണാടി, പൊന്നിൻകസവുള്ള വസ്ത്രം, നിവർത്തിവെച്ച ഗ്രന്ഥം (ഭാഗവതം), അതിൽവെച്ച സ്വർണ്ണാഭരണം ഇതൊക്കെയാണ് ആചാരപരമായ ഒരുക്കുകൾ. പില്ക്കാലത്ത് നാളികേരം, മാമ്പഴം തുടങ്ങി പല ഫലവർഗ്ഗങ്ങളും കണിയുരുളിയിൽ സ്ഥാനം പിടിച്ചു.

ഈ വിഷുദിനത്തിലും ഐശ്വര്യപൂർണ്ണമായ ഒരു ഭാവിയെ കണികണ്ടുണരാനും മനസ്സിൽ നന്മയുടെ സൂക്ഷിപ്പുകാരാകാനും എല്ലാവർക്കും സൗഭാഗ്യവുമുണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.